# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : *398 04/02/2014 ൽ മറുപടിക്ക്

## വിദ്യാഭ്യാസ വകുപ്പിൽ നൂൺ മീൽ സൂപ്പർവൈസർ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>" പി.കെ.ഗുരുദാസൻ<br>ശ്രീമതി കെ.എസ്.സലീഖ<br>ശ്രീ.കെ.കെ.നാരായണൻ | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) വിദ്യാഭ്യാസ വകുപ്പിൽ നൂൺ മീൽ സൂപ്പർവൈസർമാരെ നിയമിക്കാനുള്ള എന്തെങ്കിലും നിർദ്ദേശം കേന്ദ്ര സർക്കാർ നൽകിയിട്ടുണ്ടോ; | എ) ഉണ്ട്. കേന്ദ്ര സർക്കാരിന്റെ മാനവശേഷി വികസന മന്ത്രാലയം പൊതു വിദ്യാഭ്യാസ വകുപ്പിൽ ഉച്ചഭക്ഷണ പരിപാടിയുടെ നടത്തിപ്പും മേൽനോട്ടവും മെച്ചപ്പെടുത്തുന്നതിനായി സൂപ്പർവൈസർമാരെ നിയമിക്കുന്നതടക്കമുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ബി) എങ്കിൽ ഇതിൻപ്രകാരം നിയമനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി നടപടികൾ ആരംഭിച്ചിട്ടുണ്ടോ ;<br><br>സി) ഇത്തരം നിയമനങ്ങളുടെ മാനദണ്ഡങ്ങൾ എന്താണ്; നിയമനം സംബന്ധിച്ച് ക്രമക്കേടുകൾ ഒഴിവാക്കിക്കൊണ്ടും കുറ്റമറ്റ രീതിയിലും നിയമനം നടത്തുമോ ; വിശദമാക്കുമോ ? | ബി) & സി) കേന്ദ്ര സർക്കാർ, ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ കമ്മീഷണറേറ്റ്, കേരള സർക്കാർ, യൂണിസെഫ് തുടങ്ങിയവയുടെ പ്രതിനിധികൾ ഉൾപ്പെട്ട 3-ആം ജോയിന്റ് റിവ്യൂ മിഷൻ കേരളത്തിൽ നടത്തിയ പരിശോധനയിൽ ഉച്ചഭക്ഷണ പരിപാടിക്ക് കേന്ദ്ര സർക്കാർ അനുവദിക്കുന്ന ഫണ്ട് ഫലപ്രദമായി വിനിയോഗിക്കുന്നില്ലെന്നും ഈ പരിപാടിയുടെ ഫലപ്രദമായ മേൽ നോട്ടത്തിന് കൂടുതൽ ഉദ്യോഗസ്ഥരെ നിയോഗിക്കേണ്ടതുണ്ടെന്നും കണ്ടെത്തുകയുണ്ടായി. അപ്രകാരം ഡി. പി. ഐ യുടെ നിയന്ത്രണത്തിൽ താഴെപ്പറയുന്ന തസ്തികകൾ അനുവദിക്കുന്നതിനായി പൊതു വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ച് വരുന്നു. |

| തസ്തിക | എണ്ണം | തസ്തികയുടെ രീതി |
| --- | --- | --- |
| അസിസ്റ്റന്റ് ഡയറക്ടർ | - 1 | പുതുതായി രൂപീകരണം |
| ഡെ.ഡയറക്ടർ- | - 3 | പുനർ വിന്യാസം |
| സ്പെഷ്യൽ ഓഫീസർ | -1 | അപ്ഗ്രഡേഷൻ |
| അഡ്ഗി.അസിസ്റ്റന്റ് | - 1 | പുതുതായി രൂപീകരണം |
| സൂപ്പർവൈസർ | - 41 | 14 നിലവിലുണ്ട്. 27 രൂപീകരണം |
| ജൂനിയർ സൂപ്രണ്ട് | - 1 | നിലവിലുള്ളത് |
| ക്ലാർക്ക് | - 170 | നിലവിലുള്ളത് |
| പ്രോഗ്രാമർ | - 1 | രൂപീകരണം (കരാർ വ്യവസ്ഥ) |
| ഡാറ്റാ എൻട്രി ഓപ്പറേറ്റർ | - 42 | രൂപീകരണം (കരാർ വ്യവസ്ഥ) |
| ഓഫീസ് അറ്റൻഡ് | - 1 | നിലവിലുള്ളത് |

[signature]

സെക്ഷൻ ഓഫീസർ